പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5103

15.11.2019 - ൽ
മറുപടിയ്ക്ക്

# മുണ്ടേരി ജില്ലാ വിത്തുകൃഷിത്തോട്ടത്തിൽ അഴിമതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.വി. അൻവർ** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| മുണ്ടേരി ജില്ലാ വിത്തുകൃഷി ത്തോട്ടത്തിൽ ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിലെ അഴിമതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് നൽകിയ ഇ-പെറ്റീഷൻ 1900/2019 ൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) യുടെ അദ്ധ്യക്ഷതയിൽ ടീം രൂപീകരിച്ചു. വിശദമായ സ്ഥല പരിശോധന നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 14.06.2019 ന് രാവിലെ 11 മണിയ്ക്ക് ഫാമിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ ചേംബറിൽ മുണ്ടേരി വിത്ത് കൃഷി ത്തോട്ടത്തിലെ തൊഴിലാളി യൂണിയൻ നേതാക്കളുമായി പരാതിയിലെ ബന്ധപ്പെട്ട വിഷയം വിശദമായി ചർച്ച ചെയ്യുകയും അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് വിവിധ സാങ്കേതിക ഉദ്യോഗസ്ഥരുടെ യോഗം വീണ്ടും ചേരുകയും 2017-18 സാമ്പത്തിക വർഷത്തിൽ ഫാമിലെ അഞ്ച് ബ്ലോക്കുകളിലായി നടപ്പിലാക്കിയ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികളുടെ ന്യൂനതകൾ വിശദമായി ചർച്ച ചെയ്ത് വിലയിരുത്തുകയും ചെയ്തു. 26.06.2019-ന് ഓരോ ബ്ലോക്കിലും തൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽ മലപ്പുറം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ സാങ്കേതിക വിഭാഗം ജീവനക്കാർ തകരാറിലായ ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു<br>ഈ പ്രവൃത്തികളുടെ പ്രാരംഭ ഘട്ടത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും ഈ ഫാമിലെ ഡ്രിപ്പ് ഇറിഗേഷൻ യൂണിറ്റുകൾ പൂർണ്ണമായും നാമാവശേഷമായി. കോഴിക്കോട് കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സാങ്കേതിക കമ്മിറ്റി ഫാമിന്റെ പുനർ നിർമ്മാണത്തിനുള്ള പദ്ധതി തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ